# THE PLANTATION CORPORATION OF KERALA LTD

(An ISO 9001:2015 Certified Company under Government of Kerala)
**Registered Office: KOTTAYAM-686 004**
CIN:U01119KL1962SGC001997

☎ 0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com


**PRO/F104/MGT/344** **28.04.2025**

## പുനർ ടെണ്ടർ നോട്ടീസ്

## കശുമാവ് റീപ്ലാന്റ് ചെയ്ത ഏരിയ കാട്ടുകൊത്ത്- ഇ-ടെൻഡർ/സീൽഡ് ടെൻഡർ

പ്ലാന്റേഷൻ കോർപ്പറേഷന്റെ മണ്ണാർക്കാട് എസ്റ്റേറ്റിലെ കശുമാവ് റീപ്ലാന്റ് ചെയ്ത ഏരിയകളിൽ വർഷത്തിൽ മൂന്ന് റൗണ്ട് കാട്ടു വെട്ടുന്നതിന് മത്സരാധിഷ്ഠിത പുനർ **ഇ-ദർഘാസ്സ്/സീൽഡ് ദർഘാസുകൾ** താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിച്ചുകൊള്ളുന്നു.

| Sl. No. | Division | Blocks | Area(Ha.) |
|---|---|---|---|
| 1 | Thathengalam | Thathengalam I | 36 |
| 2 | Thathengalam | Thathengalam II | 31.93 |
| 3 | Thathengalam | Thathengalam III | 27.92 |
| 4 | Thathengalam | Thathengalam IV | 43.73 |
| 5 | Paruthimala | Paruthimala I | 30 |
| 6 | Paruthimala | Paruthimala II | 34 |
| | | **Total** | **203.58** |

### വ്യവസ്ഥകൾ

1. ഒരു ഹെക്ടർ സ്ഥലം വർഷത്തിൽ മൂന്ന റൗണ്ട് കാട് വെട്ടുന്നതിന് കോർപ്പറേഷൻ നല്കേണ്ട ഏറ്റവും കുറഞ്ഞ തുകയാണ് ടെണ്ടറിൽ കാണിച്ചിരിക്കേണ്ടത്. ക്വോട്ട് ചെയ്ത തുക മൂന്ന തുല്യ ഗഡുക്കളായി മൂന്ന റൗണ്ട് കാട് വെട്ടുന്നതിന് പരിഗണിക്കുന്നതാണ്.
2. എല്ലാവിധ കളകളും, കുറ്റിക്കാടുകളും, വള്ളികളും നിലം പറ്റെ വെട്ടി ഏരിയാ വൃത്തിയാക്കേണ്ടതുമാണ്. 20 ഇഞ്ചിൽ താഴെ ചുറ്റളവുള്ള മരങ്ങളും, മറ്റ് കുറ്റിക്കാടുകളും അടിച്ചേർത്തു മുറിച്ചുമാറ്റേണ്ടതാണ്. കാടുകൊത്തുമ്പോൾ യാതൊരു കാരണവശാലും കശുമാവ് തൈകൾക്ക് കേടുപാടുകൾ സംഭവിക്കാൻ പാടില്ല. സംഭവിച്ചാൽ ആയതിന് കോർപ്പറേഷൻ നിശ്ചയിക്കുന്ന നഷ്ടപരിഹാരം നൽകാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.
3. കാട്ടു വെട്ടേണ്ട സ്ഥലം മുൻകൂട്ടി കണ്ട് സ്ഥലത്തിന്റെ വിസ്തൃതി, കാട്ടുകളുടെ വളർച്ച തുടങ്ങിയവ ബോധ്യപ്പെടേണ്ടതും പിന്നീട് ഏരിയായെക്കുറിച്ച് തർക്കങ്ങൾ ഉന്നയിക്കാൻ പാടില്ലാത്തതുമാണ്. ഡിവിഷൻ അധികാരിയുടെ നിർദ്ദേശാനുസരണം ജോലി ചെയ്യേണ്ടതാണ്.
4. ഓരോ റൗണ്ട് കാട് വെട്ടും അറിയിപ്പ് കൈപ്പറ്റി 3 ദിവസങ്ങൾക്കകം കാട് വെട്ട് പണി ആരംഭിക്കേണ്ടതും 30 ദിവസങ്ങൾക്കകം പണി പൂർത്തിയാക്കേണ്ടതുമാണ്.

5. കരാറുകാരൻ നിയമപരമായ നികുതികൾ അടക്കാൻ ബാദ്ധ്യസ്ഥനാണ്. കൂടാതെ, കരാർ സംബന്ധമായ എല്ലാ ജോലികളും കരാറുകാരന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലും, ചുമതലയിലും ആയിരിക്കും. എല്ലാ നിയമങ്ങൾക്കും വിധേയമായിക്കൊണ്ട് ഏറ്റെടുക്കുന്ന ജോലികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും (വന്യമൃഗ ആക്രമണം, ഇതര അപകടങ്ങൾ, കരാറുകാരന്റെ തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം അടക്കുന്നത് ഉൾപ്പടെയുള്ള ബാധ്യതകൾ തുടങ്ങിയവ).

6. കരാറുകാരനിൽ നിന്നോ, ജോലിക്കാരിൽ നിന്നോ കോർപ്പറേഷനോ, കോർപ്പറേഷന്റെ മുതലുകൾക്കോ എന്തെങ്കിലും നാശനഷ്ടം സംഭവിച്ചാൽ കോർപ്പറേഷൻ നിശ്ചയിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാരം കരാറുകാരൻ ഉടൻ തന്നെ അടക്കേണ്ടതാണ്.

7. ഇ-ദർഘാസും, ദർഘാസും സമർപ്പിക്കേണ്ട അവസാന തീയതി 08.05.2025-ന് 3.00 PM വരെയാണ്, തുടർന്ന് അന്നേദിവസം 3.30 പി.എം-ന് ഹാജരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ ലഭിച്ച ദർഘാസ്സുകൾ മണ്ണാർക്കാട് എസ്റ്റേറ്റ് ഓഫീസിൽവെച്ച് തുറക്കുന്നതാണ്. ഇ-ദർഘാസ്സുകൾ പിസികെ ഹെഡോഫീസിൽവച്ച് തുറക്കുന്നതുമാണ്. തുറക്കുന്ന തീയതി 09.05.2025-ന് 3.30 പി.എം.ആണ്.

8. ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി ആയിട്ടും, കോർപ്പറേഷന് സ്വീകാര്യമായ എണ്ണം ടെൻഡറുകൾ ലഭിക്കാതെ വന്നാൽ, യാതൊരു മുന്നറിയിപ്പും കൂടാതെ പ്രസ്തുത ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി നീട്ടിവെക്കുന്നതിനും, അതുവരെ ലഭിച്ച ടെണ്ടറുകൾ പുതിയ തീയതിയിൽ മാത്രം തുറക്കുന്നതിനുമുള്ള അധികാരം മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും . അപ്രകാരം തീയതി നീട്ടുന്ന പക്ഷം, ആദ്യ അവസരത്തിൽ/അവസരങ്ങളിൽ ടെൻഡർ വാഗ്ദാനം നൽകിയവർക്ക് വാഗ്ദാനത്തുകയിൽ മാറ്റം വരുത്താൻ താത്പര്യമുണ്ടെങ്കിൽ, ആദ്യ EMD ഉപയോഗിച്ചുകൊണ്ടുതന്നെ വീണ്ടും നിശ്ചിത തീയതിക്കകം ടെൻഡർ വാഗ്ദാനം നൽകാവുന്നതാണ്.

9. ടെണ്ടറിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ടെണ്ടർ നൽകുന്നതിനു മുൻപായി മേൽപ്പറഞ്ഞ തോട്ടങ്ങൾ നേരിട്ട് സന്ദർശിച്ച് നിജസ്ഥിതി ബോധ്യപ്പെടേണ്ടതാണ്. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെപ്പറയുന്ന നമ്പരിൽ ലഭിക്കുന്നതാണ്.

| **ഉദ്യോഗസ്ഥന്റെ പേര്** | **തസ്തിക** | **യൂണിറ്റ്** | **മൊബൈൽ/ലാൻഡ് നമ്പർ** |
|---|---|---|---|
| Sri.Santhosh M. | ജനറൽ മാനേജർ (ഓപ്പറേഷൻസ്) | ഹെഡോഫീസ് | 9496076004,9447142369<br>0481-2578301-04 |
| Smt.Fathima Shimji | മാനേജർ | മണ്ണാർക്കാട് | 9895142394,9496076062 |

10. ടെണ്ടറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഇടെണ്ടർ മുഖാന്തിരവും, അല്ലെങ്കിൽ സീൽഡ് - ടെണ്ടർ മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്.

11. ഇ ടെണ്ടർ-/സീൽഡ് ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള ടെണ്ടർ ഫോം ഒന്നിന് 118/- രൂപയും , നിരത ദ്രവ്യം 5000/- (അയ്യായിരം) രൂപയുമാണ്. ഓരോ ബ്ലോക്കിനും പ്രത്യേകം,പ്രത്യേകം നിരതദ്രവ്യം അടക്കേണ്ടതാണ്.

12. ഇ-ടെൻഡറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ https://etenders.kerala.gov.in എന്ന ഇ-ടെൻഡർ പോർട്ടൽ സന്ദർശിക്കുക.

13. ഇ-ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇ-ടെണ്ടർ വ്യവസ്ഥകൾ ഇ-പോർട്ടലിൽ നിന്നും ഡൌൺലോഡ് ചെയ്യേണ്ടതും, വ്യവസ്ഥകൾ പൂർണ്ണമായും അംഗീകരിക്കുന്നതായി

രേഖപ്പെടുത്തിയ സമ്മത പത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെണ്ടർ കണ്ടീഷനും, നിരതദ്രവ്യമായ തുക 5000 രൂപ (ഓരോ ബ്ലോക്കിനും പ്രത്യേകം,പ്രത്യേകം) മാനേജിംഗ് ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം എന്ന പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയോ അല്ലെങ്കിൽ ഹെഡ് ഓഫീസ്സ് ബാങ്ക് അക്കൌണ്ടിൽ (A/c Holder : PCK ,ബാങ്ക്: CANARA BANK, ശാഖ: KANJIKUZHY, അക്കൗണ്ട് നമ്പർ: 2964201000003, IFSC CODE: CNRB0002964) RTGS/NEFT/Electronic payment മുഖാന്തിരം അടച്ചതിന്റെ രേഖയുടെ സ്കാൻഡ് കോപ്പിയും, ക്രേതാവിന്റെ തിരിച്ചറിൽ രേഖ, സാധുവായ പാൻകാർഡ് എന്നിവയുടെ കോപ്പിയും, ടെണ്ടർ ഫീസ്സ് (Rs.118/-) അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ് ലോഡ് ചെയ്യേണ്ടതുമാണ്. D.D./RTGS/ NEFT/ Electronic payments സംബന്ധിച്ച വിവരങ്ങൾ അപ് ലോഡ് ചെയ്യുന്ന ടെണ്ടർ വ്യവസ്ഥകളിൽ കൃത്യമായി ചേർക്കാത്ത പക്ഷം ടി-ടെണ്ടർ നിരാകരിക്കുന്നതാണ്. ഒറിജിനൽ D.D. ടെണ്ടർ തുറക്കുന്ന സമയത്തിന് മുൻപായി പിസികെ ഹെഡ് ഓഫീസ്സ് വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

14. സീൽഡ് ടെണ്ടർ രീതിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നേരിട്ട് 118-രൂപ ഫീസടച്ച് (നികുതി ഉൾപ്പടെ), ടെൻഡർ വ്യവസ്ഥകളും, ടെൻഡർ ഫോമും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നോ, മണ്ണാർക്കാട് എസ്റ്റേറ്റ് ഓഫീസിൽ നിന്നോ ടെണ്ടർ തുറക്കുന്ന ദിവസം വൈകിട്ട് 3 മണിക്ക് മുൻപായി വാങ്ങേണ്ടതാണ്. നിരതദ്രവ്യമായ തുക 5000 രൂപ (ഓരോ ബ്ലോക്കിനും പ്രത്യേകം പ്രത്യേകം) മണ്ണാർക്കാട് എസ്റ്റേറ്റ് ഓഫീസ്സ് ബാങ്ക് അക്കൌണ്ടിൽ മാറത്തക്ക വിധം ഡി ഡി ആയോ, അതുമല്ലെങ്കിൽ RTGS/ NEFT/ Electronic payments മുഖാന്തിരമോ അടച്ചിരിക്കേണ്ടതും, ആയതിന്റെ രേഖ മണ്ണാർക്കാട് എസ്റ്റേറ്റിൽ ടെണ്ടർ സമർപ്പിക്കുന്നതിനൊപ്പം സമർപ്പിക്കേണ്ടതുമാണ്. ദർഘാസ്സ് നമ്പർ, തുറക്കുന്ന തീയതി, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി മുദ്രവച്ച കവറുകൾ ദർഘാസ് വ്യവസ്ഥകളിൽ ഒപ്പ് രേഖപ്പെടുത്തി, തിരിച്ചറിയൽ രേഖ, പാൻകാർഡ് എന്നിവയുടെ കോപ്പികളും, ടെണ്ടർ നിരതദ്രവ്യം അടച്ച രേഖയും സഹിതം ടെൻഡർ തുറക്കുന്ന ദിവസം 3.00 pm. ന് മുൻപായി മണ്ണാർക്കാട് എസ്റ്റേറ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

15. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, ജീവനക്കാർക്കോ ഒരു ദർഘാസിലും പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

16. ടെണ്ടർ ഉറപ്പിച്ച് കിട്ടുന്നയാൾ അറിയിപ്പ് കിട്ടി 3 ദിവസത്തിനകം മൊത്തം ടെണ്ടർ തുകയുടെ (3 റൗണ്ട് കാട് വെട്ടിന്റെ ) 10% വരുന്ന തുക സെക്യൂരിറ്റി ഡിപ്പോസിറ്റായി എസ്റ്റേറ്റ് ആഫീസിൽ കെട്ടി വച്ച് 200/- രൂപ മുദ്രപത്രത്തിൽ ഒരു എഗ്രിമെന്റ് വച്ച് ഒന്നാം റൗണ്ട് കാട് വെട്ട് ജോലികൾ ആരംഭിക്കേണ്ടതാണ്. ടി സെക്യൂരിറ്റി ഡിപ്പോസിറ്റ് മൂന്ന് റൗണ്ട് കാട് വെട്ടും നിർദ്ദിഷ്ട ഒരു വർഷക്കാലയളവിൽ തൃപ്തികരമായി പൂർത്തീകരിക്കുന്ന പക്ഷം പലിശ രഹിതമായി തിരികെ നല്കുന്നതാണ്.

17. ഒന്നാം റൗണ്ട് കാട് വെട്ട് ജോലികൾ തൃപ്തികരമായി പൂർത്തിയാക്കി, ഡിവിഷൻ അധികാരിയുടെയും, മാനേജരുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹെഡ് ഓഫീസ് അനുവാദത്തോടെ ഒന്നാം റൗണ്ട് കാട് വെട്ടിയതിന്റെ ടെണ്ടർ പ്രകാരമുള്ള തുകയുടെ 90% തുക പാർട്ട് ബില്ല് അനുവദിക്കുന്നതാണ്. അതുപോലെ രണ്ടാം റൗണ്ട് കാട് വെട്ട് ജോലികൾ തൃപ്തികരമായി പൂർത്തിയാക്കി, ഡിവിഷൻ അധികാരിയുടെയും, മാനേജരുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹെഡ് ഓഫീസ് അനുവാദത്തോടെ രണ്ടാം റൗണ്ട് കാട് വെട്ടിയതിന്റെ ടെണ്ടർ പ്രകാരമുള്ള തുകയുടെ 90% തുക പാർട്ട് ബില്ല് അനുവദിക്കുന്നതാണ്. ബാക്കി തുക മൂന്നാം റൗണ്ട് വീഡിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് ഫൈനൽ ബിൽ തുകയോടൊപ്പം നല്കുന്നതായിരിക്കും.

18. കരാർ ജോലി 30 ദിവസത്തിനകം പൂർത്തീകരിക്കുന്നതിന് താമസം നേരിട്ടാൽ പരമാവധി 10 ദിവസം കൂടി ഓരോ ഏഴ് ദിവസത്തിനു കരാർ തുകയുടെ 0.5% പിഴ ഈടാക്കി അനുവദിക്കുന്നതായിരിക്കും. തുടർന്നും ജോലി പൂർത്തിയാക്കാത്ത പക്ഷം കരാർ ഉടമ്പടി റദ്ദ് ചെയ്യുന്നതും വകുപ്പ് 21 പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും കോർപ്പറേഷന് അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

19. ഒന്നാം റൗണ്ട് കാട് വെട്ട് പൂർത്തിയാക്കിയതിന് 1.5 മാസകാലയളവിന് ശേഷം എസ്റ്റേറ്റ് ഓഫീസിൽ നിന്നും അറിയിപ്പ് രേഖാമൂലം രജിസ്റ്റേഡ് തപാൽ മുഖേന ലഭിച്ച് ഒരു ആഴ്ചയ്ക്കകം രണ്ടാം തവണ കാട് വെട്ട് ആരംഭിക്കേണ്ടതാണ്. രണ്ടാം റൗണ്ട് കാട് വെട്ട് പൂർത്തിയാക്കിയതിന് 1.5 മാസകാലയളവിന് ശേഷം എസ്റ്റേറ്റ് ഓഫീസിൽ നിന്നും അറിയിപ്പ് രേഖാമൂലം രജിസ്റ്റേഡ് തപാൽ മുഖേന ലഭിച്ച് ഒരു ആഴ്ചയ്ക്കകം മൂന്നാം തവണ കാട് വെട്ട് ആരംഭിക്കേണ്ടതാണ്.

20. കരാറുകാരൻ ടെണ്ടർ ഉറപ്പിച്ച് കിട്ടിയതിനുശേഷം എഗ്രിമെന്റ് വയ്ക്കാതെയും പണി ചെയ്യാതെയും പിൻമാറുകയാണെങ്കിൽ കരാറുകാരൻ എഴുതി തന്നിരിക്കുന്ന ടെണ്ടർ പത്രികയേയും ടെണ്ടർ കണ്ടീഷനേയും എഗ്രിമെന്റാക്കി കണക്കാക്കി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് കോർപ്പറേഷന് അവകാശം ഉള്ളതും ബദൽ ക്രമീകരണം വഴി കോർപ്പറേഷന് പണി പൂർത്തീകരിക്കുന്നതിനും, തന്മൂലം ഉണ്ടാകാവുന്നതായ ചെലവുകളും നഷ്ടങ്ങളും കരാറുകാരനിൽ നിന്ന് ഈടാക്കിയെടുക്കുന്നതിന് കോർപ്പറേഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

21. നിർദ്ദിഷ്ട ജോലി യഥാസമയം തുടങ്ങാതിരിക്കുകയോ പണി ചെയ്യാതിരിക്കുകയോ നിശ്ചിത സമയത്തിനുള്ളിൽ തൃപ്തികരമായി പൂർത്തീകരിക്കാതിരിക്കുകയോ, കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ ചെയ്താൽ, കരാറുകാരൻ അന്നേവരെ കോർപ്പറേഷനിലേക്ക് അടച്ചിട്ടുള്ള മുഴുവൻ തുകയും കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതും കരാൽ റദ്ദ് ചെയ്ത കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കോർപ്പറേഷൻ ബദ്ദൽ മാർഗ്ഗങ്ങൾ ഏർപ്പേടുത്തി കരാർ ജോലികൾ ചെയ്ത് തീർക്കുന്നതും ആയതിന്മേൽ ഉണ്ടാകുന്ന എല്ലാ ചെലവുകളും നഷ്ടങ്ങളും പൂർണ്ണമായും കരാറുകാരനിൽ നിന്നും ഈടാക്കി എടുക്കുന്നതിന് കോർപ്പറേഷന് അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

22. കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും ജോലിക്കാരേയും പണിയായുധങ്ങളും കൊണ്ടുവരേണ്ടതും, ടി തൊഴിലാളികളുടെ സേവനവേതന വ്യവസ്ഥയിൽ കോർപ്പറേഷന് യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതുമല്ല. കരാറുകാരന്റേയോ ടിയാളുടെ ജോലിക്കാരുടെയോ പ്രവർത്തിമൂലം കോർപ്പറേഷന്റെ വസ്തുവകൾക്കോ എസ്റ്റേറ്റിലെ KSEB, BSNL എന്നിവയുടെ വസ്തുവകകൾക്കോ നാശനഷ്ടം ഉണ്ടാകാൻ പാടുള്ളതല്ല. അപ്രകാരം സംഭവിച്ചാൽ ആയതിന്റെ പരിപൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കുന്നതും കോർപ്പറേഷൻ (PCK) നിശ്ചയിക്കുന്ന നഷ്ടപരിഹാരം കരാറുകാരനിൽ നിന്നും ഈടാക്കുന്നതും ആയിരിക്കും. ആയത് ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാണ്.

23. ഏതു ടെണ്ടറും സ്വീകരിക്കുന്നതിനും, യാതൊരുവിധ കാരണവും കാണിക്കാതെ നിരാകരിക്കുന്നതിനുമുള്ള അധികാരം മാനേജ്മെന്റിൽ നിക്ഷിപ്തമാണ്.

24. ടെണ്ടറുകൾ മാറ്റി വയ്ക്കുന്നതിനോ, തടഞ്ഞു വയ്ക്കുന്നതിനോ, വേണ്ടെന്നു വയ്ക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം കോർപ്പറേഷന് ഉണ്ടായിരിക്കുന്നതാണ്. ആയത് ചോദ്യം ചെയ്യുവാൻ പാടില്ലാത്തതുമാണ്.

25. ടെണ്ടർ പ്രകാരം കരാറുകാരന് ലഭിക്കുന്നതായ അവകാശം കൈമാറ്റം ചെയ്യപ്പെടാൻ പാടില്ലാത്തതാണ്.

26. ടെണ്ടർ സമർപ്പിക്കുമ്പോൾ VALID PAN കാർഡ് ID PROOF എന്നിവ കരാറുകാരൻ ഹാജരാക്കേണ്ടതാണ്.

27. ഓരോ റൗണ്ട് ജോലികളും പൂർത്തിയാക്കിയശേഷം ആയത് സംബന്ധിച്ച് ബന്ധപ്പെട്ട ഡിവിഷൻ അധികാരിയുടെയും, മാനേജരുടെയും, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ പ്രകാരമുള്ള അർഹമായ തുക അനുവദിക്കുന്നതാണ്.

28. കരാറുകാരൻ ബാധകമായ എല്ലാവിധ നികുതികളും അടക്കാൻ ബാധ്യസ്ഥമായിരിക്കും.

29. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം ടെണ്ടർ നടത്താൻ കഴിയാതെ വന്നാൽ തൊട്ടടുത്ത പ്രവൃത്തിദിവസം അതേ സ്ഥലത്തും സമയത്തും ടെണ്ടർ നടത്തുന്നതാണ്.

30. കരാർ കാലാവധിയ്ക്ക് ഇടയിൽ കരാറുകാരനോ, ടി-യാന്റെ തൊഴിലാളികളോ, എസ്റ്റേറ്റിനുള്ളിലോ പരിസരങ്ങളിലോ വന്യ മൃഗങ്ങളെ വേട്ടയാടുകയോ ആയതിന് സഹായിക്കുകയോ മറ്റ് എന്തെങ്കിലും നിയമ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ അയതിന് സഹായിക്കുകയോ ചെയ്യുവാൻ പാടില്ല. വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം കാരറുകാരന്റെ പേരിലുള്ള സകലവിധ കരാർ ഉടമ്പടികളും റദ്ദ് ചെയ്യുന്നതും അടച്ചിട്ടുള്ളതായ സകല തുകകളും കോർപ്പറേഷനിലേക്ക് കണ്ട് കെട്ടി മുതൽ കൂട്ടുന്നതുമായിരിക്കും. കൂടാതെ ആവശ്യമെങ്കിൽ ടി പ്രവർത്തികൾ നഷ് ടോത്തരവാദിത്വത്തിൽ മറ്റെതെങ്കിലും മാർഗ്ഗേന പൂർത്തീകരിക്കുന്നതിന് കോർപ്പറേഷന് അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതുമാണ്.

31. കരാറുകാരൻ മൂന്ന് റൗണ്ട് കാട് വെട്ട് സമയബന്ധിതമായും തൃപ്തികരമായും പൂർത്തീകരിച്ചാൽ മാത്രമേ സെക്യൂരിറ്റി തുക തിരിച്ച് നല്കുകയുള്ളൂ.

Sd/-

**മാനേജിംഗ് ഡയറക്ടർ**

<u>പ്രഖ്യാപനം:</u> **ബന്ധപ്പെട്ട ദർഘാസ് വ്യവസ്ഥകൾ ഞാൻ വായിച്ച് മനസ്സിലാക്കുകയും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തതായി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.**

| | | |
|---|---|---|
| 1a. | ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പൂർണമായ തപാൽ മേൽവിലാസം (വ്യക്തിയുടെ പേര് , വീട്ടുപേര്, കര, വില്ലേജ്, താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പെടെ) | |
| b. | ടിയാന്റെ വയസ്സ് | |
| c. | ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ) ലാന്റ് നമ്പർ | |
| d | മൊബൈൽ നമ്പർ | |
| e. | അച്ഛന്റെ പേര് | |

ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേരും ഒപ്പും:

സ്ഥലം:

തീയതി: